# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

BASELIOS MARTHOMA PAULOSE II
CATHOLICOS OF THE EAST AND MALANKARA METROPOLITAN
2010

**നമ്പർ: 316A/2018**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അംഗത്തിന് വാഴ്‌വ്!

പ്രിയനെ,

പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ മലങ്കര ഓർത്തഡോക്സ് സഭ അതിന്റെ ചരിത്രഗതിയിൽ ഇരുപതു നൂറ്റാണ്ടുകളിലേറെ പൂർത്തയാക്കുവാൻ ദൈവം കരുണ ചെയ്തു. നമ്മുടെ കർത്താവിന്റെ ദൈവീകമായ പരിപാലനയും, പരിശുദ്ധാത്മ നടത്തിപ്പും സമൃദ്ധമായി അനുഭവിച്ചറിഞ്ഞും, ശുദ്ധിമതിയായ ദൈവമാതാവിന്റെയും, സർവ്വ ശുദ്ധിമാന്മാരുടെയും, ദൈവീകരായ പൂർവ്വപിതാക്കളുടെയും പ്രാർത്ഥനാസഹായങ്ങൾ പ്രാപിച്ചുമാണ് നാം നിലനിൽക്കുന്നത്. ഭാരതത്തിന്റെ പരമോന്നത നീതിപീഠമായ ബഹു. സുപ്രീംകോടതിയിൽ നിന്ന് ഉൾപ്പെടെ പരിശുദ്ധ സഭയുടെ നിലപാടുകൾ സാധൂകരിച്ചുകൊണ്ടും, നിയമപരമായ അതിന്റെ അവകാശം ഉറപ്പിച്ചുകൊണ്ടും, സുവ്യക്തമായ വിധികൾ ഉണ്ടായിട്ടുണ്ട് എന്നുള്ളത് പ്രിയനും അറിവുള്ളതാണല്ലോ. നിയമവാഴ്ച ഉറപ്പാക്കപ്പെട്ടിരിക്കുന്ന ഒരു ജനാധിപത്യ രാജ്യത്തെ ഇപ്രകാരമുള്ള കോടതിവിധികൾ താമസംവിനാ നടപ്പാക്കുന്നതിന് സർവ്വസജ്ജമായ സംവിധാനങ്ങൾ ഉണ്ടെന്നിരിക്കെ പരിശുദ്ധ സഭ ഇപ്പോൾ നേരിടേണ്ടി വന്നിരിക്കുന്ന സാഹചര്യം അത്യന്തം വേദനാജനകവും, സമാനതകളില്ലാത്തതുമാണ്. തർക്കത്തിലിരിക്കുന്ന എല്ലാ പള്ളികളും 1934-ലെ മലങ്കരസഭാ ഭരണഘടന അനുസരിച്ച് ഭരിക്കപ്പെടണമെന്നും, സമാന്തരഭരണം അവസാനിപ്പിക്കണമെന്നും ഉള്ള കർശന നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സുപ്രീം കോടതി വിധി നടപ്പാക്കുന്നതിൽ അധികാരികൾ സ്വീകരിച്ചിരിക്കുന്ന മെല്ലെപ്പോക്കുനയവും, പിറവം, കോതമംഗലം, കട്ടച്ചിറ ഉൾപ്പെടെയുള്ള പള്ളിക്കേസുകളിൽ സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുള്ള നിഷേധാത്മകവും, വഞ്ചനാപരവുമായ നയങ്ങളും ജനാധിപത്യരാജ്യത്തിന്റെ നീതിന്യായവ്യവസ്ഥയുടെ അന്തസത്തയെ തന്നെ ചോദ്യം ചെയ്യുന്നവയാണ്. മലങ്കര സഭ ഇന്ന് നേരിടുന്ന തുടർച്ചയായുള്ള നീതിനിഷേധങ്ങളെക്കുറിച്ച് വിശദീകരിക്കുവാനായി നമ്മുടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അംഗങ്ങളുടെ ഒരു അടിയന്തിര യോഗം നമ്മുടെ ദേവലോകം കാതോലിക്കേറ്റ് അരമന അങ്കണത്തിൽവച്ച് 2019 ജനുവരി മാസം 3-ാം തീയതി പകൽ 11 മണിക്ക് നമ്മുടെ അദ്ധ്യക്ഷതയിൽ ചേരുന്നതാണ്. പ്രസ്തുത യോഗത്തിൽ പ്രിയൻ തീർച്ചയായും വന്ന് സംബന്ധിക്കണമെന്ന് നാം താല്പര്യപ്പെടുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2018 ഡിസംബർ മാസം 21-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.